പോലീസ് വകുപ്പ്

കേരളം

**No. R1-1699/2025/Cyb**

സൈബർ പോലീസ് ഹെഡ്ക്വാട്ടേർസ്
തിരുവനന്തപുരം
✉adgpcyberops.pol@kerala.gov.in
☏04712726522
തീയതി. 04-03-2025

**പുനർലേല പരസ്യം**

തിരുവനന്തപുരം പട്ടം പോലീസ് ടെലി കമ്മ്യൂണിക്കേഷൻ ആൻഡ് ടെക്നോളജി ഓഫീസ് കൊംബൌണ്ടിനുള്ളിൽ നിൽക്കുന്ന തേക്ക് മരത്തിൻറെ അപകടാവസ്ഥയിൽ ചാഞ്ഞു നിൽക്കുന്ന ശിഖരങ്ങൾ കോതി വൃക്ഷത്തെ സംരക്ഷിക്കുന്നതിനു ബന്ധപ്പെട്ട അധികാരികൾ അനുവാദം നൽകിയതിൻറെ അടിസ്ഥാനത്തിൽ **11/03/2025** തിയതി **രാവിലെ 11.00** മണിക്ക് ടി വൃക്ഷത്തിന്റെ ശിഖരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതാണ്. ടി മുറിച്ച മാറ്റുന്നശിഖരങ്ങളിൽ നിന്നും 1/2 MT (അര MT) വിറക് ശേഖരിയ്ക്കാവുന്നതാണ് . തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഫോറസ്റ്റ് ഓഫീസർ 1/2 MT (അര MT) വിറകിന് **Rs.2,260/-** വില നിർണ്ണയിച്ചിട്ടുള്ളതാണ് .

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നിശ്ചിത സമയത്ത് (11/03/2025 തിയതി രാവിലെ 11.00 മണിക്ക്) നേരിട്ട് ഹാജരാകേണ്ടതും **RS.200/-** (ഇരുന്നൂറു രൂപ മാത്രം) നിരതദ്രവ്യം ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുൻപായി ബോർഡിന് മുൻപാകെ കെട്ടി വയ്ക്കേണ്ടതുമാണ് . ലേലത്തിൽ പരാജയപെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ തന്നെ നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി നിരതദ്രവ്യം ഒഴികെയുള്ള ലേലത്തുക മുഴുവനായും, മുഴുവൻ തുകയുടെ **5%** ഫോറസ്റ്റ് ഡെവലപ്പ് മെൻറ് ടാക്സും രണ്ടും കൂടിയുള്ള ആകെ തുകയുടെ **18%** സർക്കാർ നിശ്ചയിച്ചിട്ടുള്ള ചരക്ക് സേവന നികുതിയും ചേർത്ത് ലേല സ്ഥലത്ത് വച്ച് ലേല ബോർഡ് വശം അടച്ച് രസീത് വങ്ങേണ്ടതാണ് . പിന്നീട് ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും ലഭിച്ച കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൊണ്ട ആൾ പോലീസ് ടെലി കമ്മ്യൂണിക്കെഷൻ ആൻഡ് ടെക്നോളജി ഓഫീസ് കൊംബൊൌണ്ടിനുള്ളിൽ നിന്നും സ്വന്തം ചിലവിൽ മരത്തിന്റെ ശിഖരങ്ങൾ നീക്കം ചെയ്യേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ലേലം കൈകൊണ്ട ആൾ അടച്ച നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മൊത്തം തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, ടി മരത്തിന്റെ ശിഖരങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരം നടത്തപ്പെടുന്ന പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടതലായി ലേല തുക ലഭിക്കുകയാണെങ്കിൽ അധിക തുകയിൽ മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ, അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിൽ പങ്കെടക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലേല തിയതിക്ക് മുൻപേയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11.00 മണി മുതൽ 4.00 മണി വരെയുള്ള സമയങ്ങളിൽ ടി വൃക്ഷം SI(HQ) വിന്റെ അനുമതിയോട്ടുകൂടി പരിശോധിക്കാവുന്നതാണ് . യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ടെലി കമ്മ്യൂണിക്കേഷൻ ആൻഡ് ടെക്നോളജി പോലീസ് സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

R1-1699/2025/Cyb 5420a8

ദീപക് ധൻഖർ IPS
സൂപ്രണ്ട് ഓഫ് പോലീസ് (ic)
For Inspector General of Police (Cyber Operations)

| | | |
|---|---|---|
| സ്വീകർത്താവ് | : | എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, എല്ലാ ബറ്റാലിയൻ കമാൻഡണ്ട് മാർക്കും അറിവിലേയ്ക്കായി. ഡി വൈ എസ് പി (സി & ഡബ്ല്യൂ, ഐ.പി, സ്റ്റോർ, എസ് ഐ (എച്ച് ക്യൂ, ജെ എസ് 2 എന്നിവർക്കു അനന്തര നടപടികൾക്കായി |
| പകർപ്പ് | : | IP, Cyber Security for publishing the notice in the official website. AA CA to SP, Tele&Tech for information. |